ശ്രീ. ടി. എം. ജേക്കബ്: സർ, ഇവിടെ ആൻസർ ചെയ്യാൻ കഴിയുന്ന ക്വസ്റ്റ്യൻസ് ഉണ്ട്. ഡിമാന്റ് ചർച്ചയിൽ അത് ഉപയോഗപ്പെടരുത് എന്ന് കരുതി വളരെ ബോധപൂർവ്വം മന്ത്രിമാർ അതിന് മറുപടി തരുന്നില്ല. സ്പെസിഫിക്കായിട്ട് ഞാൻ അങ്ങേക്ക് എഴുതിത്തന്നതാണ്. അതിനുള്ള നടപടിയുണ്ടാകണം.

VII. റൂളിംഗ്

മി. സ്പീക്കർ: അതിനെപ്പറ്റി ചെയറിന്റെ അഭിപ്രായം പറയാം. പണ്ട് വളരെയധികം ചോദ്യങ്ങൾ ചോദിച്ച്, ഉത്തരം കിട്ടാൻ വിഷമമാണ് എന്ന് വന്നപ്പോൾ അംഗങ്ങൾക്ക് ചോദിക്കാനുള്ള ചോദ്യങ്ങൾ നിയന്ത്രിച്ച് അതിന്റെ എണ്ണം കുറച്ചു. അതിന്റെ ഉദ്ദേശം ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കിട്ടണം എന്നതാണ്. ആ കാര്യത്തിൽ അലംഭാവം ഉണ്ടാകുന്നതിനെ ന്യായീകരിക്കാൻ കഴിയില്ല. അത് ഉദ്യോഗതലത്തിൽ നിന്നാണെങ്കിൽ മന്ത്രിമാർ അതിനെക്കുറിച്ച് ശ്രദ്ധിക്കണം. മന്ത്രിമാർ ഈ കാര്യത്തിൽ കൂടുതൽ ശുഷ്കാന്തി കാണിക്കണം. മെമ്പർമാരുടെ അവകാശത്തെ നിഷേധിക്കരുത് എന്നാണ് ചെയറിന്റെ അഭിപ്രായം.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:)* അങ്ങയുടെ റൂളിംഗ് പൂർണ്ണമായും പാലിച്ചുപോകുന്ന രൂപത്തിലുള്ള നീക്കങ്ങൾ നടക്കുന്നുണ്ട്. അതിന് ഒരു ബുദ്ധിമുട്ടും വന്നുപെടരുത്. ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിൽനിന്നും അവസാനത്തെ നിമിഷം നമുക്ക് വരികയും വളരെ ദീർഘകാല പാരമ്പര്യമുള്ള വിഷയത്തെ സംബന്ധിച്ച വിവരങ്ങൾ നൽകണം എന്ന് പറയുകയും ചെയ്യുമ്പോൾ വിവരം ശേഖരിക്കുന്നു എന്ന ഒരു മറുപടി പറയാൻ നിവൃത്തിയില്ലാത്ത സാഹചര്യം വരികയാണ്. അതുകൊണ്ട് നിശ്ചിത സമയത്തുതന്നെ ബന്ധപ്പെട്ട മന്ത്രിമാർക്ക് കൊടുത്താൽ ഈ വിവരം ശേഖരിക്കുന്നു എന്ന് പറയുന്നതിനുപകരം കൃത്യമായ വിവരം തന്നെ എത്തിക്കാൻ കഴിയും. ഒരേ ചോദ്യത്തിനകത്തുതന്നെ ഉപചോദ്യവും വരുമ്പോൾ മെയിൻ ചോദ്യത്തിന് ഒരുപക്ഷേ യഥാർത്ഥത്തിലുള്ള സ്ഥിതിവിവരം പറയുകയും ഉപചോദ്യത്തിനകത്ത് നിവൃത്തിയില്ലാത്ത സാഹചര്യത്തിൽ വിവരം ശേഖരിച്ചുവരുന്നു എന്ന് പറയേണ്ടിവരികയും ചെയ്യുന്ന പ്രായോഗികമായ പ്രയാസംകൂടി അങ്ങ് കണക്കിലെടുക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് സംബന്ധിച്ച് സർവ്വ ബഹുമാനത്തോടുംകൂടി ഞാൻ പറയട്ടെ. ഇത് ജനറലൈസ് ചെയ്യരുത്. ചില കാര്യങ്ങളിൽ സംഭവിക്കാം. പക്ഷേ എന്റെ അഭിപ്രായത്തിൽ എണ്ണം കൂടിക്കൂടി വരികയാണ്. ഇത് നല്ല പ്രവണതയല്ല. അനിവാര്യമായ കാര്യത്തിൽ ചിലപ്പോൾ വിവരം ശേഖരിക്കേണ്ടിവരും. പെട്ടെന്ന് ഉത്തരം കൊടുക്കാൻ വിഷമമുണ്ടാകും. മന്ത്രിമാർ തന്നെ ഇക്കാര്യത്തിൽ ഒരു ആത്മപരിശോധന നടത്തണം.

LIBRARY ARCHIVES Kerala Legislative Assembly